(ബി) ഒരു ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവ് എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) മിൽമയ്ക്ക് ലഭിക്കുന്ന പാൽ എന്തു വിലയ്ക്കാണ് വിൽക്കുന്നത്;

(ഡി) പത്തു ലിറ്റർ പാലിൽ നിന്നും എടുക്കുന്ന ഫാറ്റിന് എന്തു വില കിട്ടുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അതാതു സംഘങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിശ്ചയിക്കുന്ന വിലയാണ് നൽകിവരുന്നത്. ഇത് ഓരോ സംഘത്തിനും വ്യത്യസ്തമായിരിക്കും. ഒരു ലിറ്റർ പാലിന് ശരാശരി 9.50 രൂപ കിട്ടുന്നതായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ബി) സംസ്ഥാന സർക്കാർ 1999-ൽ ഇംപെറ്റസ് മാനേജ്മെന്റ് സർവ്വീസസ് കൊച്ചി മുഖേന നടത്തിയ പാൽ ഉല്പാദനച്ചെലവുമായി ബന്ധപ്പെട്ട പഠനത്തിലെ കണക്കുകൾ പ്രകാരം ഒരു ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവ് ഗാർഹിക അധ്വാനം കൂടാതെ ശരാശരി 6.50 രൂപയാണ്.

(സി) ടോൺഡ് മിൽക്ക് ലിറ്ററിന് 13 രൂപയും ഡബിൾ ടോൺഡ് പാലിന് 12 രൂപയും സ്റ്റാൻഡഡൈസ്ഡ് പാലിന് 16 രൂപയുമാണ് വില.

(ഡി) ഒരു കിലോഗ്രാം ഫാറ്റിന്റെ വില 95 രൂപ 70 പൈസയാണ്. ഇപ്രകാരം 10 ലിറ്റർ പാലിൽ അടങ്ങിയിരിക്കുന്ന ഫാറ്റിന് (400 ഗ്രാമിന്) ഉദ്ദേശം 38.28 രൂപ ലഭിക്കുന്നതാണ്.

മിൽമയുടെ ചില്ലിംഗ് പ്ലാന്റുകൾ

94 [3375] ശ്രീ. ലൂഡി ലൂയിസ്:
,, കെ. അച്ചുതൻ:
,, എ. പി. അനിൽകുമാർ:
,, സി. പി. മുഹമ്മദ്:

പ്രൊഫ. എ.ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയ്ക്ക് എത്ര ചില്ലിംഗ് പ്ലാന്റുകളുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അവ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) ഈ ചില്ലിംഗ് പ്ലാന്റുകളുടെ ആകെ കപ്പാസിറ്റി എത്ര;

(ഡി) ഇവയെല്ലാം കൂടി ചിൽ ചെയ്യുന്നതിനായി എത്ര പാൽ കിട്ടുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മിൽമയുടെ കീഴിൽ 14 ചില്ലിംഗ് പ്ലാന്റുകളും 10 ബൾക്ക് കൂളറുകൾ സ്ഥാപിച്ചിട്ടുള്ള സംഘങ്ങളും ഉണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു. †

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

(സി) 3,16,000 എൽ.പി.ജി.

(ഡി) അധിക സംഭരണ നാളുകളിൽ പ്രത്യേകിച്ചും മഴക്കാലത്തും തണുപ്പു കാലത്തും സ്ഥാപിത ശേഷിയിലധികം പാൽ ഓരോ ചില്ലിംഗ് പ്ലാന്റിലും ചിൽ ചെയ്യേണ്ടിവരുന്നു.

മിൽമ സെയിൽസ് ഏജന്റുമാർക്ക് ലഭിക്കുന്ന കമ്മീഷൻ

95 [3376] ശ്രീ. വി. ജെ. ഫൗലോസ്:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എൻ. ഡി. അപ്പച്ചൻ:
„ ടി. എച്ച്. മുസ്തഫ:
„ കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ സെയിൽസ് ഏജന്റുമാർക്ക് അര ലിറ്റർ കവറിന്മേൽ എന്തു കമ്മീഷൻ കൊടുക്കുന്നുണ്ട്;

(ബി) മിൽമയുടെ മറ്റെന്തെല്ലാം ഉല്പന്നങ്ങളാണ് അവർ വിൽക്കുന്നത്;

(സി) ഇവയ്ക്കെല്ലാം കൊടുക്കുന്ന കമ്മീഷൻ എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ ഉല്പന്നങ്ങൾ വിൽക്കുന്നവർക്ക് സെയിൽസ് പ്രൊമോഷൻ നടപടിയെന്ന നിലയിൽ എന്തെല്ലാം പ്രോൽസാഹനങ്ങൾ നൽകുന്നുണ്ട്;

(ഇ) മിൽമ സെയിൽസ് ഏജന്റുമാരുടെ ക്ഷേമത്തിനു വേണ്ടി എന്തെല്ലാം പരിപാടികൾ നിലവിലുണ്ട്;

(എഫ്) അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 26 പൈസ.

(ബി) വിവിധതരം പാലുകൾ, തൈര്, സംഭാരം, നെയ്യ്, ബട്ടർ, ഐസ്ക്രീം, പേഡ, സിപ്പ്-അപ്പ്, ഫ്ളേവേർഡ് മിൽക്ക്, ലസ്സി, ഡയറി വൈറ്റ്നർ, പനീർ മുതലായവ.

(സി) മിൽമയുടെ ടോൺഡ് മിൽക്കിന് ഒരു ലിറ്ററിന് 52 പൈസയും, സ്റ്റാൻഡേർഡൈസ്ഡ് പാലിന് ഒരു ലിറ്ററിന് 64 പൈസയും, ഡബിൾ ടോൺഡ് പാലിന് ഒരു ലിറ്ററിന് 48 പൈസയുമാണ് ഏജൻസി കമ്മീഷൻ. 80 രൂപ എം.ആർ.പി.-യുള്ള 500 ഗ്രാം നെയ്യുടെ റീട്ടെയിൽ കമ്മീഷൻ 8 രൂപ 50 പൈസയും ഹോൾസെയിൽ കമ്മീഷൻ 2 രൂപ 75 പൈസയുമാണ്. 68 രൂപ വില്പന വിലയുള്ള 500 ഗ്രാം ബട്ടറിന് റീട്ടെയിൽ കമ്മീഷൻ 7 രൂപ 55 പൈസയും ഹോൾസെയിൽ കമ്മീഷൻ 2 രൂപ 65 പൈസയുമാണ്. 3 രൂപ 50 പൈസ വില്പനവിലയുള്ള സംഭാരത്തിന് 85 പൈസയും 1 രൂപ 50 പൈസ വില്പന വിലയുള്ള സിപ്പ്-അപ്പിന് 30 പൈസയും 10 രൂപ വില്പന വിലയുള്ള മിൽമ പ്ലസ് ഫ്ളേവേർഡ് മിൽക്കിന് 1 രൂപ 50 പൈസയും ഏജൻസി കമ്മീഷനായി നൽകുന്നുണ്ട്.

(ഡി) സെയിൽസ് പ്രമോഷനുമായി ബന്ധപ്പെട്ട് പ്രത്യേക ഓഫറുകൾ നൽകുമ്പോൾ മാത്രം നിശ്ചിത കാലയളവിലേക്ക് മാത്രമായി ചില ആനുകൂല്യങ്ങൾ നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[17-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 94 (3375) കാണുക.]

മിൽമയുടെ കീഴിലുള്ള ചില്ലിംഗ് പ്ലാന്റുകളും ബൾക്ക് കൂളറുകളും സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ

തിരുവനന്തപുരം മേഖലാ ക്ഷീരോല്പാദക യൂണിയൻ-ചില്ലിംഗ് പ്ലാന്റുകൾ

1. മാന്നാർ
2. പത്തനംതിട്ട

ബൾക്ക് കൂളറുകൾ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ

1. ഉച്ചാട ആപ്കോസ്
2. ചെമ്മരുത്തി ആപ്കോസ്
3. ചെമ്പറിള കാരക്കോട്
4. പയറ്റുവിള ആപ്കോസ്
5. കോട്ടുകാൽക്കോണം ആപ്കോസ്
6. കോവളം ആപ്കോസ്
7. പുത്തൻകട ആപ്കോസ്
8. അയിര ആപ്കോസ്
9. അരയൂർ ആപ്കോസ്
10. കോട്ടയ്ക്കകം ആപ്കോസ്

എറണാകുളം മേഖലാ ക്ഷീരോല്പാദക യൂണിയൻ-ചില്ലിംഗ് പ്ലാന്റുകൾ

1. മരങ്ങാട്ടുപള്ളി
2. മൂവാറ്റുപുഴ
3. അടിമാലി
4. രാജകുമാരി (കമ്മീഷൻ ചെയ്തിട്ടില്ല)
5. മൂന്നാർ (പ്രവർത്തിക്കുന്നില്ല)
6. ചാലക്കുടി
7. കട്ടപ്പന

മലബാർ മേഖലാ ക്ഷീരോല്പാദക യൂണിയൻ-ചില്ലിംഗ് പ്ലാന്റുകൾ

1. മാനന്തവാടി
2. മീനങ്ങാടി
3. നിലമ്പൂർ
4. പട്ടാമ്പി
5. അട്ടപ്പാടി

LIBRARY ARCHIVES Kerala Legislative Assembly